**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2652** **27-02-2023 - ൽ മറുപടിയ്ക്ക്**

**ബി.എസ്.എൻ.എൽ. എൻജിനീയർ സഹകരണ സംഘ തട്ടിപ്പിന്മേൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ബി.എസ്.എൻ.എൽ. എൻജിനീയർ സഹകരണ സംഘത്തിൽ തട്ടിപ്പ് നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.സംഘത്തിൽ നടന്ന സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടന്ന് വരുന്നു.കൂടാതെ ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക വിഭാഗവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) | എങ്കിൽ എത്ര കോടി രൂപയുടെ തട്ടിപ്പ് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്നും എത്ര നിക്ഷേപകർ വഞ്ചിതരായിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | തട്ടിപ്പ് സംബന്ധിച്ച തുകയുടെ കൃത്യമായ കണക്ക് കണ്ടെത്തിയിട്ടില്ല.കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ തുകയും എണ്ണവും അറിയാൻ കഴിയൂ.അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ 146 കോടിയലധികം രൂപയുടെ സാമ്പത്തിക ക്രമക്കേട് നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സംഘത്തിലെ നിക്ഷേപകരുടെ പേരിൽ വ്യാജ വായ്പകൾ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; തട്ടിപ്പിന് ഉത്തരവാദികളായ ഭരണസമിതിക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | നിക്ഷേപകരുടെ പേരിൽ വ്യാജ വായ്പ എടുത്തിട്ടുള്ളതായി സംശയിക്കുന്നു. വകുപ്പ്തല അന്വേഷണത്തിലൂടെ വ്യക്തത വരുത്തേണ്ടതുണ്ട്. സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | സംഘത്തിൽ ഭൂരിപക്ഷവും 60 വയസ്സിൽ കൂടുതൽ പ്രായമുള്ള നിക്ഷേപകരാണ് എന്നത് പരിഗണിച്ച് നിക്ഷേപങ്ങൾ തിരികെ നൽകുന്നതിന് അടിയന്തര കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ? | (ഡി) | നിക്ഷേപം തിരികെ നൽകുന്നത് സംബന്ധിച്ച് വകുപ്പ്തല അന്വേഷണത്തിനും, ആർബിട്രേഷൻ നടപടികൾക്കും ശേഷമേ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. മറ്റ് കർമ്മപദ്ധതികൾ നിലവിൽ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ